# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1605** **04-10-2016-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് പദ്ധതി

| | ചോദ്യം<br><br>ശ്രീ. രാജു എബ്രഹാം | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സയ്ക്കുശേഷം പ്രത്യേകാനുമതി ലഭിക്കുന്നതിന് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ലഭിച്ച അപേക്ഷകൾ എത്രയെന്നും ഇവയ്ക്ക് തുക അനുവദിച്ചിട്ടില്ലെങ്കിൽ കാരണം എന്തെന്നും ഇനി അനുവദിക്കുവാൻ കഴിയുമോയെന്നും വ്യക്തമാക്കാമോ; | (എ) | 1150 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ ജില്ല തിരിച്ച് ഡോക്ടർമാരുടെ കമ്മിറ്റി പരിശോധിച്ച് വരുന്നു. പരിശോധന പൂർത്തിയാകാത്തതിനാലാണ് തുകഅനുവദിക്കുവാൻ കാലതാമസമുണ്ടാകുന്നത്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതാണ്. |
| (ബി) | സമാശ്വാസ ധനസഹായം ലഭിക്കുന്നതിനായി വിവിധ ജില്ലകളിൽ നിന്ന് ലഭിച്ചിട്ടുള്ളതും തീരുമാനം എടുക്കാത്തതുമായ അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇവർക്ക് തുക അനുവദിക്കാത്തതിന്റെ കാരണവും തുക എന്നത്തേയ്ക്ക് അനുവദിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | സമാശ്വാസ സഹായം ലഭിക്കുന്നതിനായി വിവിധ ജില്ലകളിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കാണിച്ചിട്ടുള്ള പ്രകാരമാണ്. ഈ അപേക്ഷകർക്ക് ഉടനെ തുക അനുവദിക്കുന്നതാണ്. |

| ക്രമ നം | ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 629 |
| 2 | കൊല്ലം | 53 |
| 3 | വയനാട് | 197 |
| 4 | ആലപ്പുഴ | 440 |
| 5 | കോട്ടയം | 927 |
| 6 | ഇടുക്കി | 218 |
| 7 | കാസർഗോഡ് | 288 |
| 8 | തൃശ്ശൂർ | 532 |
| 9 | പാലക്കാട് | 768 |

| | | |
|---|---|---|
| 10 | പത്തനംതിട്ട | ഇല്ല |
| 11 | എറണാകുളം | 1450 |
| 12 | മലപ്പുറം | 2862 |
| 13 | കണ്ണൂർ | 104 |
| 14 | കോഴിക്കോട് | 290 |
| ആകെ | 8758 | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയിൽ നിന്നും റീ-ഇമ്പേഴ്സ്മെന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കാതെ അവശേഷിക്കുന്നത് എത്രയെന്നും എന്ത് കാരണത്താലാണ് അനുവദിക്കാത്തതെന്നും എന്നത്തേയ്ക്ക് ഇവർക്ക് തുക അനുവദിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | 750 അപേക്ഷകൾ.<br>കാരുണ്യ പദ്ധതി പ്രകാരം രോഗിക്ക് അനുവദിച്ച തുക ആദ്യഘട്ടത്തിൽ ആശു പത്രികൾക്കാണ് കൈമാറ്റം ചെയ്യുന്നത്. ആശുപത്രിയിൽ ചികിത്സയ്ക്കായി ഉപയോഗിച്ചശേഷം ബാക്കി തിരികെ കെ.ബി.എഫിൽ ലഭ്യമാകേണ്ടതുണ്ട്. കൂടാതെ റീഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട അപേക്ഷയോടൊപ്പം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ, ഡിസ്ചാർജ് സമ്മറി, രോഗിയുടെ ബാങ്ക് പാസ്ബുക്ക് കോപ്പി, മരണപ്പെട്ട കേസാണെങ്കിൽ ഡെത്ത് സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളും ഹാജരാക്കേണ്ടതുണ്ട്. എന്നാൽ അപേക്ഷകളിൽ അധികവും അപൂർണ്ണമായാണ് ലഭിക്കാറുള്ളത്. എല്ലാ രേഖകളും ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞുള്ള ഫണ്ടും ലഭിച്ചാൽ ഉടൻതന്നെ നടപടിക്രമം പാലിച്ച് തുക കൈമാറുന്നതാണ്. അപേക്ഷകൾ, രോഗികളോ ബന്ധുക്കളോ നേരിട്ട് ഹാജരാക്കുന്ന അവസരത്തിൽ അപേക്ഷകളിലെ പോരായ്മകൾ നേരിട്ട് ശ്രദ്ധയിൽപ്പെടുത്തി എത്രയും പെട്ടെന്ന് ഹാജരാക്കുവാൻ നിർദ്ദേശിക്കാറുമുണ്ട്. തപാൽ മുഖേന ലഭിയ്ക്കുന്ന അപൂർണ്ണമായ അപേക്ഷകൾക്ക് യഥാസമയം തന്നെ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനായി രേഖാമൂലം ആവശ്യപ്പെടാറുമുണ്ട്. ഇവ റീഇമ്പേഴ്സ്മെന്റ് തുക അനുവദിക്കുന്നതിന് കാലതാമസത്തിനുള്ള പ്രധാന |

| | | | |
|---|---|---|---|
| | | | കാരണങ്ങളാണ്. റീഫണ്ട് ലഭ്യമായതും പൂർണമായതുമായ അപേക്ഷകൾക്ക് റീഇംബേഴ്സ്മെന്റ് തുക അനുവദിച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു. ശ്രീചിത്തിര തിരുനാൾ ആശുപത്രി തിരുവനന്തപുരം, ആർ.സി.സി. തിരുവനന്തപുരം, എം.സി.സി. തലശ്ശേരി, സഹകരണ ആശുപത്രികളായ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് കളമശ്ശേരി, കോ-ഓപ്പറേറ്റീവ് പരിയാരം മെഡിക്കൽ കോളേജ്,കണ്ണൂർ എന്നീ ആശുപത്രികൾക്ക് റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ തുക നൽകാൻ നിലവിലെ ഉത്തരവിൽ അവ്യക്തതയുള്ളതിനാൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

Jeyanth

**സെക്ഷൻ ഓഫീസർ.**